**പ്രിയപ്പെട്ടവരേ,**

നമ്മൾ ആകാംക്ഷയോടെ കാത്തിരുന്ന സംസ്ഥാന സമ്മേളനം 25 ്ന് നടക്കുകയാണല്ലോ. നിങ്ങളെ എല്ലാവരെയും ഏറ്റം സ്നേഹത്തോടെ സ്വാഗതം ചെയ്യുന്നു. വേണ്ട സജ്ജീകരണങ്ങൾ ഒക്കെ ചെയ്യുവാൻ സംഘാടക സമിതി ശ്രമിച്ചിട്ടുണ്ട്.

25 ്ന് വെളുപ്പിന് മലബാർ എക്സ്പ്രസ് ട്രെയിനിനു കോട്ടയത്ത് എത്തുന്നവരെ റെയിൽവേ സ്റ്റേഷനിൽ നിന്ന് വേദിയിലേക്ക് എത്തിക്കാൻ പ്രത്യേക വാഹന സൗകര്യം ക്രമീകരിച്ചിട്ടുണ്ട്.

**ഇന്ദ്രപ്രസ്ഥം ഓഡിറ്റോറി യത്തിനോട് അനുബന്ധിച്ചുള്ള *10 മുറികൾ ദിവസം മുഴുവനും** അംഗങ്ങൾക്ക് **freshening/toilet/luggage** സൗകര്യങ്ങൾക്കായി നീക്കിവച്ചിട്ടുണ്ട്. **(Room Nos.301 മുതൽ 304 വരെ സ്ത്രീകൾക്ക്, 305 മുതൽ 310 വരെ പുരുഷന്മാർക്ക്).**

റജിസ്ട്രേഷൻ സുഗമമായി നടത്തുന്നതിന് ഓരോ ജില്ലക്കും പ്രത്യേക കൗണ്ടർ ക്രമീകരിച്ചിട്ടുണ്ട്. ജില്ല തിരിച്ചുള്ള കൗണ്ടർ നമ്പറുകൾ അനു ബന്ധമായി കാണാവുന്നതാണ്. രാവിലെ 8 മണിക്ക് രജിസ്ട്രേഷൻ ആരംഭിക്കും. സാധിക്കുമെങ്കിൽ, ജില്ലാ സെക്രട്ടറിയോ, ചുമതലപ്പെട്ട ജില്ലാ ഭാരവാഹി ആരെങ്കിലുമോ അതാതു കൗണ്ടറുകളുടെ സമീപം ഉണ്ടായിരിക്കുന്നത് ഉചിതമായിരിക്കും.

വരുന്ന എല്ലാ പ്രതിനിധികൾക്കും കോട്ടയം ജില്ലയുടെ ഒരു സമ്മാനവും നൽകുവാൻ തീരുമാനിച്ചിട്ടുണ്ട്.

പ്രഭാത ഭക്ഷണവും ചായ/കാപ്പിയും **രാവിലെ 8 മുതൽ * 9.30 വരെ** ഉണ്ടായിരിക്കും. ഓഡിറ്റോറിയത്തിന്റെ ഗ്രൗണ്ട് ഫ്ളോറിലാണ് രജിസ്ട്രേഷനും ഭഷണശാലയും .

തുടർന്ന് 9.45 ന് പതാക് ഉയർത്തൽ ചടങ്ങ്. കൃത്യം 10.15ന് തന്നെ പെൻഷനേഴ്സ് സമ്മേളനം ആരംഭിക്കണം . ഒന്നാം നിലയിലാണ് സമ്മേളന ഹാൾ.

ഉച്ചക്ക് ഒരു മണിയോടുകൂടി ഉച്ചഭക്ഷണം, 2 മണി വരെയാണ് അത് ഉദ്ദേശിക്കുന്നത്. വെജിറ്റേറിയൻ, നോൺ വെജിറ്റേറിയൻ ഭക്ഷണം 2 വിഭാഗങ്ങളായി പ്രത്യേകം ക്രമീകരിച്ചിരിക്കുന്നു.

തുടർന്ന് നമ്മുടെ സംഘടനയുടെ വാർഷിക സമ്മേളനം നടക്കും. 3.30/4 മണിയോടെ ചായ/കാപ്പി ക്രമീകരിച്ചിട്ടുണ്ട്. പെൻഷനേഴ്സ് സമ്മേളനത്തിലും ഉച്ചക്കുശേഷം നടക്കുന്ന അസോസിയേഷൻ വാർഷിക സമ്മേളനത്തിലും കഴിയുന്നത്ര അംഗങ്ങളുടെ സാന്നിധ്യം സാദരം അഭ്യർത്ഥിക്കുന്നു.

കോട്ടയം നഗരത്തിൽ തന്നെ സമ്മേളനം നടത്തണം എന്ന അഭിപ്രായം മാനിച്ചാണ് നഗരത്തിൽ ലഭ്യമായ നല്ല ഓഡിറ്റോറിയം എന്ന നിലയിൽ ഇന്ദ്രപ്രസ്ഥം തെരഞ്ഞെടുത്തത് . അവിടെ പരിമിതികളും കുറവുകളും ഉണ്ട് എന്ന് സംഘാടകർ മനസ്സിലാക്കുന്നു ; എങ്കിലും പരമാവധി പ്രയാസങ്ങൾ കുറയ്ക്കുവാൻ പരിശ്രമിച്ചിട്ടുണ്ട്.
**ഉണ്ടാകാവുന്ന * അസൗകര്യങ്ങൾ ക്ഷമിച്ചു* എല്ലാ കാര്യങ്ങളിലും സഹകരിക്കണം എന്ന് അപേക്ഷിക്കുന്നു .**

**സമ്മേളനം ഒരു ചരിത്ര വിജയമാക്കാൻ നമുക്ക് ഒരുമിച്ച് കൂടാം**

**ആശംസകളോടെ**

**ഹെൻറി ജോൺ**
ചെയർമാൻ
**K.N. വിശ്വനാഥൻ നായർ**
ജനറൽ കൺവീനർ